MAY
2025



# THE BIBLE TRUTH

# ബൈബിൾ ട്രൂത്ത്

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

@@HTML_TABLE_0@@

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

| Vol. 52 | May 2025 | No.16 |
|---|---|---|

## എഡിറ്റോറിയൽ

മനുഷ്യ ജീവിതത്തിൽ അനുഭവിച്ചു കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ പലതാണ്. പല രൂപത്തിലും പല ഭാവങ്ങളിലും അവ നടന്നു കൊണ്ടിരിക്കുന്നു. കഴിഞ്ഞ മാസം സംഭവിച്ചതായ സുനാമി എന്ന നൂതന പ്രതിഭാസം ഏറ്റവും ഒടുവിലത്തേതാണ്. ഒരു പ്രത്യേക സ്ഥലത്തു മാത്രമല്ല, വിവിധ രാജ്യങ്ങളിലായി കടൽ കരയോട് ചേർന്നുണ്ടായ കടൽ കയറ്റം മനുഷ്യരുടെ ഹൃദയ ദൃഷ്ടി പ്രകാശിക്കേണ്ടതാണ്. ഏതാനും ദുരിത ബാധിത പ്രദേശങ്ങളിൽ നിന്നു കിട്ടിയ വിവരങ്ങൾ നമ്മെ ഓരോരുത്തരുടെയും വേദനിപ്പിക്കുന്നതു തന്നെ. എന്നാൽ ഇതും മറ്റുള്ള പ്രകൃതി ക്ഷോഭങ്ങളും ഉണ്ടാകുമ്പോൾ ജനങ്ങൾ ജാകരൂകരായി പ്രവർത്തിക്കുന്നുണ്ട്.

ഇതിൽ അകപ്പെട്ടു ബന്ധപ്പെടുന്നവർ നഷ്ടപ്പെട്ടവരുണ്ട്. വീടുകൾ നഷ്ടപ്പെട്ടവരുണ്ട്. മാതാപിതാക്കൾ നഷ്ടപ്പെട്ട് അനാഥരായ കുഞ്ഞുങ്ങൾ, മക്കളുടെ ആശ്രയത്തിലായിരുന്ന പ്രായാധിക്യമുള്ള രക്ഷാകർത്താക്കൾ, ഭക്ഷണത്തിനും കിടപ്പാടത്തിനും വസ്ത്രത്തിനും വേണ്ടി വിഷമിച്ചവർ ജീവൻ രക്ഷാ മരുന്നുകൾ എന്നു വിശേഷിപ്പിക്കുന്ന മരുന്നുകളുടെ ആവശ്യങ്ങൾ എന്നിവ ഈ പ്രദേശങ്ങൾ നേരിടുന്ന വെല്ലുവിളികൾ ആണ്.

രാഷ്ട്രീയ പ്രവർത്തകരും, സാമൂഹിക സന്നദ്ധ സംഘടനകളും രംഗത്തെത്തുന്നുണ്ട്. ഇവരെ സഹായിക്കുവാനും ആശ്വസിപ്പിക്കുവാനും

വേണ്ടി ധാരാളം പിരിവുകളും നടക്കുന്നുണ്ട്. ഔദാര്യ മനസ്കർ ഈ സംഘടനകൾ വഴി നന്മ ചെയ്യും എന്ന വിശ്വാസത്തിൽ കൊടുക്കുന്നവർ അനേകരാണ്. മാധ്യമങ്ങളിലൂടെ സംഭാവനകൾ കൊടുക്കുന്നവരുടെ പേരുകളും പരസ്യപ്പെടുത്തുന്നുണ്ട്. പക്ഷേ, ഇതെല്ലാം എങ്ങനെ നടക്കുന്നു എന്നും അർഹതയുള്ളവർക്ക് അതു കിട്ടുന്നുണ്ടോ എന്നതും വിമർശകർ ഉറ്റു നോക്കുന്നുണ്ടെന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.

ചിലർ ഈ സാഹചര്യം മുതലെടുക്കുന്നുണ്ട് എന്ന കാര്യം സമ്മതിക്കുന്നു. എന്നാൽ വളരെ ആത്മാർത്ഥതയോടെ, സേവന സന്നദ്ധതയോടെ പ്രവർത്തിക്കുന്ന യുവാക്കളെ നാം അഭിനന്ദിക്കുക തന്നെ ചെയ്യണം. അഴുകിയ മൃതദേഹങ്ങൾ വാരിയെടുത്തു സംസ്കരിക്കുന്ന കാഴ്ച നമ്മെ കരയിക്കുക തന്നെ ചെയ്യും. കടൽ ക്ഷോഭത്തെ അതിജീവിക്കുവാൻ പോകുന്നു എന്നു പറയുന്നു. കാലാവസ്ഥാ നിരീക്ഷണം കൂടുതൽ ശാസ്ത്രീയമാക്കുവാൻ പോകുന്നു എന്നു പറഞ്ഞു കേട്ടു.

എന്തു കൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത്? എന്താണ് യഥാർത്ഥ മുൻകരുതൽ അഥവാ പ്രതിവിധി? ദൈവം മനുഷ്യരെ ഭൂമിയിൽ ആക്കിയതിന്റെ ഉദ്ദേശ്യം അവർ മറന്നിരിക്കുകയാണ്. ലൗകിക ഭ്രമവും നിയലംഘനവും ജീവിത ശൈലിയായി മാറിയിരിക്കുകയാണ് ഇന്ന്. ദുഷ്പ്രവൃത്തികളിൽ നിന്നും മനുഷ്യർ പിന്തിരിയുവാൻ ഒരു സൂചന അത്യുന്നതൻ നൽകുകയാണ്. ആളുകൾ ദൈവത്തെ ഭയന്നു ജീവിക്കേണ്ടതിനുള്ള മുഖാന്തരമാണിവ.

ഒരു ശാസ്ത്രത്തിനും ഒരു സർക്കാരിനും സാദ്ധ്യമല്ല. ദൈവകോപം ഒഴിവാക്കുവാൻ നാം ദൈവത്തെ അനുസരിച്ച് അവനെ പ്രസാദിപ്പിക്കുകയാണ് വേണ്ടത്. ലോക ചരിത്രം നോക്കിയാൽ ഈ യാഥാർത്ഥ്യം നിങ്ങൾക്ക് ബോധ്യമാകും. ദുരന്തങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ മാനസാന്തരപ്പെടുക, ദൈവകൽപന പ്രമാണിക്കുക. അതല്ലാതെയുള്ള വഴികളൊക്കെ നിഷ്ഫലമാണ്. പ്രപഞ്ചത്തെയും മനുഷ്യരെയും സൃഷ്ടിച്ച സൃഷ്ടികർത്താവാണ് സകലത്തെയും നിയന്ത്രിക്കുന്നത്. ആ വിശ്വാസം എല്ലാവരിലും ഉണ്ടായാൽ ജീവിതം സുഗമമാകും. ആത്മാവിന്റെ രക്ഷയാണ് പരമപ്രധാമമായി ലക്ഷ്യം. നിങ്ങൾ ദൈവവചനം അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ തിരുവെഴുത്തിൽ ദൈവം കൽപിച്ചിട്ടുള്ള രക്ഷാമാർഗ്ഗം സ്വീകരിക്കുക. ദൈവത്തെ പ്രസാ

ദിപ്പിച്ച് അവന്റെ കോപത്തിൽ നിന്നു രക്ഷ പ്രാപിക്കുക. അതിനുള്ള ധൈര്യം നിങ്ങൾക്ക് ദൈവം തരുമാറാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ആകസ്മികമായി സംഭവിക്കുന്ന അനിഷ്ടസംഭവങ്ങൾ പല കുടുംബങ്ങളെയും ബാധിച്ചിട്ടുണ്ട്. അതിൽ ജീവൻ നഷ്ടപ്പെടുന്നവരും വീടുകളും വസ്തുക്കളും നഷ്ടപ്പെട്ട് നിരാശയിൽ കഴിയുന്നവരുണ്ട്. എന്നാൽ ഇത് എന്തു കൊണ്ട് ഉണ്ടാകുന്നു എന്നോ അതിനുള്ള പരിഹാരം എന്തെന്നോ ആളുകൾ മനസ്സിലാക്കുന്നില്ല. ആദ്യമായി എല്ലാറ്റിനെയും നിയന്ത്രിക്കുന്നത് ദൈവമാണെന്ന് തിരിച്ചറിയുക. സകലത്തെയും സൃഷ്ടിച്ചത് ദൈവമാണ്. ദൈവത്തെ അറിയുക എന്നതാണ് മനുഷ്യരും തമ്മിലുള്ള ബന്ധം തിരിച്ചറിയണം. പിന്നീട് ദൈവത്തെ ഭയന്ന് അവന്റെ കൽപ്പനകൾ എല്ലാം ജീവിതത്തിൽ അനുസരിക്കുകയും വേണം. അപ്പോൾ ദൈവകോപത്തിൽ നിന്ന് മോചിതരാകുവാൻ മനുഷ്യർക്ക് കഴിയും.

✶

# മുടിയനായ പുത്രന്റെ ഉപമയിൽ നിന്നും ശ്രേഷ്ഠമായ പാഠങ്ങൾ

**ക്ലിഫോർഡ് ഡിക്സൺ**

ഈ വിവരണത്തെ കുറിച്ചുള്ള വേദഭാഗം ആയ ലൂക്കോസ് 15:11–32 വായിക്കുക. മുടിയനായ പുത്രന്റെ ഉപമയിൽ പറയുന്ന വലിയ തത്വം തന്നെ നഷ്ടപ്പെട്ട ദ്രഹ്മയുടെയും കാണാതെ പോയ ആടിന്റെയും ഉപമയിൽ പറയുന്നുണ്ട്. അതിനുശേഷം പറയുന്നത്, ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുന്നു എന്നാണ്. മുടിയനായ പുത്രന്റെ ഉപമ വായിക്കുന്ന ഏതൊരാളുടെയും ഹൃദയത്തെ സ്പർശിക്കുക തന്നെ ചെയ്യും. ഒരു പാപി എത്ര ആഴത്തിൽ പാപം ചെയ്തിട്ടുണ്ടെങ്കിലും പ്രത്യാശയുണ്ട് എന്ന് വ്യക്തമാക്കുന്നതാണ് അത്. കൂടാതെ ഹൃദയ കാഠിന്യമുള്ള മൂത്ത മകനെ ശാസിക്കുകയും ചെയ്യുന്നുണ്ട്. ഈ സംഭവത്തിൽ നിന്നു നമുക്ക് പഠിക്കാവുന്ന ഗുണപാഠങ്ങൾ നോക്കി പഠിക്കാം.

1. നാം നേടിയെടുക്കാത്ത അനുഗ്രഹങ്ങൾ നമ്മുടെ സ്നേഹമുള്ള മാതാപിതാക്കളിൽ നിന്നും സ്നേഹിതരിൽ നിന്നും സർവ്വശക്തനായ ദൈവത്തിൽ നിന്നും അനുഭവിക്കുന്നുണ്ട്. മാതാപിതാക്കന്മാരുടെ അവകാശങ്ങൾ ലഭിക്കുന്ന മക്കൾ എത്ര ഭാഗ്യവാന്മാരാണ്! പക്ഷേ, അനേകം മക്കൾ അവർ അനുഭവിക്കുന്ന ഉപകാരങ്ങൾ മാതാപിതാക്കളുടെ ത്യാഗ ഫലമാണെന്നു കരുതി അവരെ അഭിനന്ദിക്കാറില്ല. നന്ദി എന്നതു മാതാപിതാക്കളോടും ഉണ്ടാകണം, പ്രത്യേകമായി ദൈവം തരുന്ന അനുഗ്രഹങ്ങൾക്കും ''എല്ലാ നല്ല ദാനവും തികഞ്ഞ വരമൊക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്ന് ഇറങ്ങി വരുന്നു. അവന് വികാരമോ ഗതി ഭേദത്താലുള്ള ആച്ഛാദനമോ ഇല്ല'' (യാക്കോബ് 1:17). ആരോഗ്യം, ശ്ക്തി, ബുദ്ധി, ഉപജീവനമാർഗ്ഗത്തിനുള്ള കഴിവ്, വീടും കുടുംബവും, സ്നേഹിതരും എല്ലാം ദൈവാനുഗ്രഹങ്ങളിൽ ചിലത് മാത്രമാണ്. ഇതിലെല്ലാം ഉപരിയായി യേശുക്രിസ്തു എന്ന തികഞ്ഞ വരം ദൈവം തന്നിരിക്കുകയാണ്. അവന്റെ സൃഷ്ടികളിൽ ഒരു വിധം ആദ്യഫലം ആകേണ്ടതിന് അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ

വചനത്തൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു (യാക്കോബ് 1:18). പുതിയ സൃഷ്ടിത്വം ദൈവാനുഗ്രഹമാണ്. വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തുമിരിക്കുന്നതു പൊന്ന്, വെള്ളി, മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല. ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നറിയുന്നുവല്ലോ (1 പത്രോസ് 1:18-20). അവൻ ലോക സ്ഥാപനത്തിനു മുൻപേ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ വിശ്വാസവും പ്രത്യാശയും ദൈവ ത്തിൽ വെച്ചു കൊള്ളേണ്ടതിന് ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽപിച്ച് അവന് തേജസും കൊടുത്തിരിക്കുന്നു.

ഈ ഉപമയിൽ പുത്രൻ തന്റെ പിതാവിന്റെ സ്വത്തിൽ അവന് അവകാശമായത് ചോദിച്ചു വാങ്ങുകയാണ്. പക്ഷേ, നമ്മുടെ സ്വർഗ്ഗീയ പിതാവ് ഏത്രയോ നന്മകൾ അനുഭവിപ്പാൻ നമ്മിലേക്ക് പകരുകയാണ്. സമൃദ്ധമായ അനുഗ്രഹങ്ങളെയാണ് ദൈവം നൽകുന്നത്. സൗജന്യമാണ് അവൻ തരുന്ന ഈ അനുഗ്രഹങ്ങൾ. അകന്നു പോയ ബന്ധം കൂട്ടി ച്ചേർക്കുവാൻ അവൻ തന്റെ പുത്രന്റെ ജീവരക്തം നൽകി. നമ്മുടെ ശുദ്ധീകരണമാണ് ദൈവത്തിന്റെ ഉദ്ദേശ്യം. ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ സാദ്ധ്യമല്ല. ദൈവത്തോടുള്ള കൂട്ടായ്മ ഉണ്ടാകുവാൻ മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുകയാണ് മനുഷ്യ പുത്ര നായി വന്ന കർത്താവ്.

2. ദൈവത്തിൽ നിന്നു വളരെ അകലെയുള്ള ദേശമാണ് പാപം. ആ മകൻ എല്ലാം “സ്വരൂപിച്ചു ഏറെ നാൾ കഴിയും മുമ്പേ ഇളയ മകൻ സകലവും സ്വരൂപിച്ച് ദൂരദേശത്തേക്ക് യാത്രയായി. അവിടെ ദുർന്നടപ്പു കാരനായി ജീവിച്ച് വസ്തു നാനാവിധാനമാക്കിക്കളഞ്ഞു” (ലൂക്കോസ് 15:13). ഒരാൾ പാപത്തിലേക്ക് ചലിക്കുന്ന ചിത്രമാണ് ഇത് കാണിക്കു ന്നത്. ദൈവത്തിൽ നിന്നു വേർപെടുന്നു. അങ്ങനെ അവന്റെ അപേക്ഷ ദൈവം കേൾക്കാതിരിക്കുന്നു (യെശയ്യാവ് 59:1-2). അവന്റെ പ്രാർത്ഥന പോലും ദൈവ സന്നിധിയിൽ മ്ലേച്ഛമായി മാറുന്നു (സദൃശ്യവാക്യങ്ങൾ 28:9). ദൈവത്തിന്റെ മുഖം അവന് എതിരാകുന്നു. ദൈവ പ്രമാണത്തിൽ നിന്നും അവരുടെ ചെവി അകറ്റിയിരിക്കുകയാണ്. ആവൻ ലോകത്തിൽ പ്രത്യാശയില്ലാത്ത ഒരു വ്യക്തിയായി തീരുന്നു (എഫെസ്യർ 2:11-12). ഈ ദുരസ്ഥലമായ പാപത്തിൽ ഒരാൾ ജീവിക്കുമ്പോൾ അയാൾ ജീവിതം

പാഴാക്കിക്കളയുകയാണ്. പണം, കഴിവ്, ആരോഗ്യം, അവസാനം തന്റെ ആത്മാവിനെയും പാപം നിമിത്തം നഷ്ടമാക്കുകയാണവർ. പാപജീവിതത്തിൽ നമുക്ക് നല്ലത് കാണാൻ പറ്റുകയില്ല.

സുബോധത്തോടെ ഒരാൾ ചിന്തിച്ചു നോക്കിയാൽ ഒരു പാപവും നമുക്ക് ഗുണം ചെയ്യുന്നില്ല എന്നും മനസ്സും ശരീരവും അതു ബാധിക്കപ്പെടുമെന്നും തിരിച്ചറിയും. നല്ലതെല്ലാം ദൈവത്തിൽ നിന്നാണ് വരുന്നത്. മോശമായതെല്ലാം പിശാചിൽ നിന്നുമാണ് വരുന്നത്. ലോകത്തെ സ്നേഹിക്കരുതെന്ന് ദൈവം പറയുവാനുള്ള കാരണം വ്യക്തമാണ്. ദൈവഭക്തിയോടെ ജീവിക്കുന്നതാണ് ഏറ്റവും സൗഭാഗ്യമായ ജീവിതം. ദൈവം നമുക്കു വേണ്ടി രൂപപ്പെടുത്തിയ ബൈബിളിൽ അതു വെളിപ്പെടുത്തിയിട്ടുണ്ട്. നാം അത് വായിച്ച് ബുദ്ധിപൂർവ്വം ജീവിക്കണം.

3. ഒരാൾ ദൂര ദേശത്തേക്ക് പോകുന്നതിന് മുമ്പ് സുബോധത്തിലേക്ക് തിരിച്ചുവരാൻ, വരാനുള്ള തിക്തമായ അനുഭവത്തെക്കുറിച്ച് തിരുവെഴുത്തിൽ പറയുന്നത് മനസ്സിലാക്കണം. മുടിയനായ പുത്രൻ തന്റെ അനുഗ്രഹങ്ങളെ നന്ദിപൂർവ്വം തിരിച്ചറിയാതിരുന്നതു കൊണ്ട് അവൻ പുറം ലോകത്തെക്കുറിച്ച് ചിന്തിച്ചു. അവിടെ ചെന്നു സകലവും നഷ്ടമായപ്പോൾ ആണ് അവന്റെ സുബോധം തിരിച്ചു കിട്ടുന്നത്. അപ്പോഴേക്കും അവന് ലഭിച്ചതെല്ലാം നഷ്ടമായിരിക്കും. സമയവും സ്വത്തും നഷ്ടമായിരിക്കും. സമയവും സ്വത്തും നഷ്ടമായി. എല്ലാം പോയപ്പോൾ കൂട്ടുകാരും ഇല്ലാതായി. പണമുള്ളപ്പോൾ എല്ലാവരും കാണും. പണമില്ലാതെ വരുമ്പോൾ അവരും പൊയിപ്പോകും. ഇതു പച്ചയായ പരമാർത്ഥമാണ്.

അവനു സുബോധം വന്നപ്പോൾ അവൻ പിതാവിനെ കുറിച്ചു ചിന്തിച്ചു. അപ്പന്റെ ജോലിക്കാരെക്കുറിച്ചും അവർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നതും ഓർമ്മ വന്നു. പക്ഷേ, അവന് ആഹാരം കഴിക്കാൻ ഒന്നുമില്ല. ആരും അവന് കൊടുക്കാനും തയ്യാറായില്ല. അവസാനം കിട്ടിയത് പന്നികൾ തിന്നുന്ന ഭക്ഷണമാണ്. പാപ വഴിയെക്കാൾ ശ്രേഷ്ഠമായതാണ് പിതാവിന്റെ വഴി (യോഹന്നാൻ 14:8).

അവൻ അവസാനം ഒരു തീരുമാനമെടുത്തു. വീട്ടിലേക്ക് മടങ്ങിപ്പോകുവാനും അപ്പന്റെ ജോലിക്കാരിൽ ഒരാളെപ്പോലെ കണക്കാക്കുവാൻ അപ്പനോട് അപേക്ഷിക്കും എന്ന ശരിയായ ഒരു തീരുമാനം പലർക്കും ചെയ്യാൻ പ്രയാസം നേരിടുന്ന കാര്യമാണ്. പിതാവിന്റെ

അടുക്കൽ ചെല്ലുന്ന നഷ്ടപ്പെട്ട മക്കളെ പിതാവ് സ്വീകരിക്കുന്നത് വളരെ സ്നേഹത്തോടെയാണ്.

✶

# ഏഴ് എഴുപത് വട്ടം

**ഡേവിഡ് റോപ്പർ**

സൗസീ ഐലന്റുകളിൽ ഒന്നായ ഹുവാഹൈനിലെ രാജാവായിരുന്ന ടമാറ്റോ 1818-ൽ ക്രിസ്ത്യാനിയായിത്തീർന്നു. അതിനു ശേഷം പെട്ടെന്നു തന്റെ സഹപൗരന്മാർ അവനെയും ക്രിസ്ത്യനിതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട മറ്റുള്ളവരെയും പിടിച്ചു ജീവനോടെ ചുട്ടു കൊല്ലുവാൻ അധർമ്മമായ ദുരാലോചന നടന്നതായി കണ്ടെത്തി.

തന്നെ സഹായിക്കുന്ന ഒരു സൈന്യത്തെ ടമാറ്റോ സംഘടിപ്പിച്ച്, പതിയിരുന്ന് ആക്രമിക്കുവാൻ ദുരാലോചന നടത്തുന്നവരെ ആക്രമിക്കാതെ അവർ അറിയാതെ അവരെ പിടിച്ചുകൊണ്ടു വരാൻ ഏർപ്പാടാക്കി. പിന്നെ രാജാവ് തന്റെ വിരുന്നു മേശയിൽ വിരുന്നൊരുക്കി. അത് പാപ ക്ഷമാപണത്തിന്റെയും ക്രിസ്തുവിന്റെ പാപമോചനത്തിന്റെയും അർത്ഥസൂചനയായിരുന്നു.

ടമാറ്റോയുടെ ഈ അപ്രതീക്ഷിത ദയവു സ്വന്ത സ്ഥലത്തെ പ്രാകൃത മനുഷ്യർക്ക് വിസ്മയമായി തീർന്നു. അങ്ങനെ അവരും തങ്ങളുടെ വിഗ്രഹങ്ങളെ വിട്ടു ക്രിസ്ത്യാനികളായി തീർന്നു. പാപമോചനത്തിന്റെ ശക്തി ഭയയാവഹം തന്നെയാണ്.

പാപക്ഷമാപണം എന്നതു ശക്തിയുള്ളതാണ്. തന്റെ ജനത്തിന് വേണ്ടിയുള്ള പരിപാടിയിൽ പരമപ്രധാന ഭാഗമാണ് ക്ഷമിക്കുന്ന ഹൃദയം ഉണ്ടാകുക എന്നത്. മത്തായി 18-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദാക്ഷിണ്യമില്ലാത്ത ദാസന്റെ ഉപമയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## പാപ ക്ഷമാപണം പഠിപ്പിച്ചിട്ടുണ്ട് (മത്തായി 18:21-22)

ഒരിക്കൽ പത്രോസ് യേശുവിന്റെ അടുക്കൽ വന്ന് അനോട് ചോദിച്ചു. കർത്താവേ എന്റെ സഹോദരൻ എന്നോട് എത്ര വട്ടം പിഴച്ചാൽ ഞാൻ

ക്ഷമിക്കണം? ഏഴു വട്ടം മതിയോ എന്നു ചോദിച്ചു (വാക്യം 21). എന്തുകൊണ്ടാണ് പത്രോസ് ഏഴ് എന്ന സംഖ്യ ഉപയോഗിച്ചത് എന്ന് നമുക്കറിഞ്ഞുകൂടാ. മൂന്നു പ്രാവശ്യം ക്ഷമിക്കണമെന്നാണ് റബ്ബിമാർ പഠിപ്പിച്ചിരുന്നത്. അവരുടെ സംഖ്യയെ കുറച്ചുകൂടി ഉയർത്തുവാൻ പത്രോസ് ആഗ്രഹിച്ചതാകാം. ഒരു പക്ഷേ ഏഴ് എന്ന സംഖ്യ എല്ലായ്പ്പോഴും പൂർണ്ണതയെ സൂചിപ്പിച്ചിട്ടുണ്ടാകാം. ''ദിവസത്തിൽ ഏഴു വട്ടം നിന്നോട് പിഴയ്ക്കുകയും, ഏഴു വട്ടം തന്റെ അടുക്കൽ വന്ന് മാനസാന്തരപ്പെടുന്നു എന്നു പറയുകയും ചെയ്താൽ അവനോട് ക്ഷമിക്ക'' (ലൂക്കോസ് 17:4).

യേശു അവനോട് ഏഴു വട്ടമല്ല, എഴുപത് വട്ടം എന്നു ഞാൻ നിന്നോട് പറയുന്നു എന്നു പറഞ്ഞു (വാക്യം 22). പാപ ക്ഷമാപണത്തെക്കുറിച്ച് അധികമായ സംഖ്യ നൽകുന്നതിലൂടെ യേശു പ്രധാനപ്പെട്ട രണ്ടു പാഠങ്ങൾ പഠിപ്പിക്കുന്നു; ഒന്ന്, നാം പാപം ക്ഷമിക്കുന്നവരായി തീരേണ്ടത് ആവശ്യമാണ്. 490 പ്രാവശ്യം നാം ഒരാളോട് പാപം ക്ഷമിക്കുമ്പോഴേക്കും നമുക്കത് സുപരിചിതമാകും. നമ്മെ വ്രണപ്പെടുത്തിയവരുമായി  നിരപ്പിലെത്താൻ ശ്രമിക്കുക എന്ന ആശയം എപ്പോഴെല്ലാം നാം ക്ഷമിച്ചിരിക്കുന്നു എന്നത് അസംബന്ധമാണ്. നമ്മൾ ഓരോ പ്രാവശ്യവും ക്ഷമിച്ചതൊരു ബുക്കിൽ അടയാളപ്പെടുത്തി ''ഇത് ഞാൻ അയാളോട് പതിനഞ്ചാമത്തെ പ്രാവശ്യമാണ് ക്ഷമിക്കുന്നതെന്ന് പറയുന്നതു എത്ര വിഡ്ഢിത്തമാണ് ! ഇനി 475 പ്രാവശ്യമേ അവശേഷിപ്പിക്കുന്നുള്ളൂ അതിനുശേഷം ക്ഷമിക്കേണ്ട ആവശ്യമില്ല. സ്നേഹം ദ്വേഷത്തെ കണക്കിടുന്നില്ല'' (1 കൊരിന്ത്യർ 13:5).

യേശു പത്രോസിനോട് പറഞ്ഞതു ഒറ്റപ്പെട്ട ഉപദേശമായിരുന്നില്ല. തന്റെ സഭയ്ക്ക് വേണ്ടിയുള്ള യേശുവിന്റെ പദ്ധതിയിലെ മർമ്മ പ്രധാന ഭാഗമാണ് പാപക്ഷമാപണം.

''നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും''. ''നിങ്ങൾ മനുഷ്യരോട് ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല''. ''വിധിക്കരുത് എന്നാൽ നിങ്ങളെയും വിധിക്കുകയില്ല, ശിക്ഷയ്ക്ക് വിധിക്കരുത്, എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകുകയില്ല, വിടുവിൻ എന്നാൽ നിങ്ങളെയും വിടുവിക്കും'' (ലൂക്കോസ് 6:37).

## പാപക്ഷമ ചിത്രീകരിച്ചിരിക്കുന്നു (മത്തായി 18:23-35)

ഏഴ് എഴുപതു വട്ടം ക്ഷമിക്കുവാൻ യേശു പത്രോസിനോടു പറഞ്ഞ ശേഷം, താൻ ഉദ്ദേശിച്ചതു ഊന്നി പറയുവാനായി കരുണയില്ലാത്ത ഒരു ദാസന്റെ ഉപമ പഠിപ്പിച്ചു കൊണ്ട് സൂചിപ്പിക്കുന്നു.

സ്വർഗ്ഗ രാജ്യം തന്റെ ദാസന്മാരുമായി കണക്കു തീർക്കുവാൻ ഭാവിക്കുന്ന രാജാവിനോട് സാദൃശ്യം. അവൻ കണക്കു നോക്കിത്തുടങ്ങിയപ്പോൾ പതിനായിരം താലന്ത് കടംപെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊണ്ടു വന്നു (മത്തായി 18:23,24).

ഈ രംഗം മനസ്സിൽ ചിത്രമായി വയ്ക്കുക. രാജാവ് ഒരു പക്ഷേ ദീർഘയാത്ര കഴിഞ്ഞു വരികയാകാം. അവൻ തന്റെ ദാസന്മാരെയും അടിമകളെയും വിളിച്ച് ഓരോരുത്തനും സിംഹാസനത്തിനു മുൻപിൽ വന്ന് തങ്ങളുടെ വിചാരണയിലുള്ള കണക്കു കൊടുത്തു. ഒടുവിൽ രാജാവിന്റെ വിശ്വാസം ആർജ്ജിച്ചനുഭവിച്ച ഒരടിമ കടന്നു വരുന്നു. യജമാനന്റെ വളരെയധികം പണം അവനിൽ ഭരമേൽപിച്ചിരുന്നു. ആദ്യം ആ വിചാരകൻ പുഞ്ചിരിയോടെ നിന്നു. അവന്റെ കണക്കുപുസ്തകം തുറന്നപ്പോൾ അവന്റെ ധൈര്യം പോയി നിരാശനായി കാണപ്പെട്ടു. കാരണം തന്റെ യജമാനന്റെ പതിനായിരം താലന്തു വ്യാജമായി അവൻ കൈപ്പറ്റിയിരിക്കുന്നു.

പതിനായിരം താലന്തിന്റെ കൃത്യമായ വില അധികാരഭാവത്തിൽ നമുക്കു പറയാൻ സാധ്യമല്ല. താലന്തു എന്നു പറയുന്നതു ചെറിയ പണമല്ല. എന്നാൽ വില കൂടിയ ലോഹത്തിന്റെ തൂക്കമാണ്. ലോഹത്തിന്റെ തൂക്കം ഓരോ ദേശത്തും വ്യത്യസ്തമായിരിക്കും. അതുപോലെ ലോഹത്തിന്റെ വിലയും ഓരോ ദേശത്തും വ്യത്യസ്തമായിരിക്കും. പതിനായിരം താലന്തിന്റെ വില കണക്കാക്കുന്നതിൽ അധികാരികൾ തമ്മിൽ വ്യത്യസ്തത പുലർത്തുന്നു. ചുരുക്കി പറഞ്ഞാൽ അതൊരു ജ്യോതിശാസ്ത്രപരമായ സംഖ്യയാണെന്നു പറയാം. നമ്മുടെ ഉദ്ദേശ്യത്തിനായി നമുക്ക് ആ സംഖ്യ 10,000,000 ഡോളർ എന്നാക്കാം. ഇന്നത്തെ നിലവാരം അനുസരിച്ച് അതു കുറഞ്ഞ വിലയേ ആകുന്നുള്ളൂ. വിശദവിവരങ്ങളിൽ നാം കുടുങ്ങിപ്പോകരുത് (എങ്ങനെ ഒരടിമ ഇത്രയും വലിയൊരു സംഖ്യ കടംപെടും എന്നൊക്കെ). ആ മനുഷ്യനു കൊടുത്തു തീർക്കാൻ പറ്റാത്ത സംഖ്യ കടമുണ്ടായിരുന്നു എന്നതാണ് യേശുവിന്റെ പോയിന്റ്.

25-ാം വാക്യം സൂചിപ്പിക്കുന്നത് പതിനായിരും താലന്തു വീട്ടുവാൻ ''വകയില്ലായിരുന്നു'' എന്നാണ്. ഒരു പക്ഷേ അവൻ ചീട്ടു കളിച്ചു കളഞ്ഞിരിക്കാം അല്ലെങ്കിൽ എങ്ങനെയെങ്കിലും നഷ്ടപ്പെട്ടിരിക്കാം. എന്തായാലും ആതെല്ലാം പോയി. യജമാനന് കൊടുത്തു തീർപ്പാൻ വഴിയുമില്ല. രാജാവ് ആ സാഹചര്യം മനസ്സിലാക്കിയപ്പോൾ അവനെയും ഭാര്യയെയും മക്കളെയും അവനുള്ളതൊക്കെയും വിറ്റു കടം തീർപ്പാൻ കൽപിച്ചു (വാക്യം 25). ഇത് പൊതുവായ ഒരു പരിശീലനമായിരുന്നു. കൊടുത്തു തീർപ്പാൻ വകയില്ലാതിരുന്നതു കൊണ്ട് ആ ദാസനും അവന്റെ കുടുംബവും മുഴുവനും ആയുഷ്കാലം തടവിലാകണം.

ഭരണാധികാരി ശിക്ഷ വിധിച്ചപ്പോൾ അടിമ വീണു നിരങ്ങി യജമാനന്റെ മുൻപിൽ യാചിച്ചു; ''യജമാനനേ, എന്നോട് ക്ഷമ തോന്നേണമേ, ഞാൻ സകലവും തന്നു തീർക്കാം എന്നു പറഞ്ഞു'' (വാക്യം 26). ഇത് ഒരു വിഡ്ഢിത്ത പ്രസ്താവനയാണ്. കാരണം ഇതൊരിക്കലും കൊടുത്തു തീർപ്പാൻ കഴിയില്ല. പക്ഷേ ആ മനുഷ്യനു മറ്റു നിർവ്വാഹമില്ലായിരുന്നു... യേശു പിന്നെ പാപ ക്ഷമാപണത്തിന്റെ നല്ലൊരുദ്ദാഹരണം നൽകുന്നു: ''അപ്പോൾ ആ ദാസന്റെ യജമാനൻ മനസ്സലിഞ്ഞ് അവനെ വിട്ടയച്ചു കടവും ഇളച്ചു കൊടുത്തു'' (വാക്യം 27).

തന്റെ കഥ യേശു അവിടെ അവസാനിപ്പിക്കുന്നില്ല. ആ ദാസൻ പോകുമ്പോൾ തനിക്ക് നൂറു വെള്ളിക്കാശ് കടമ്പെട്ട ഒരു കൂട്ടു ദാസനെ കാണാമെന്ന് വിചാരിച്ചു. ഒരു വെള്ളിക്കാശ് എന്ന് പറയുന്നത് ഒരു സാധാരണ ജോലിക്കാരന്റെ ഒരു ദിവസത്തെ വേതനമാണ്. നൂറ് വെള്ളിക്കാശ് കടം എന്നു പറയുമ്പോൾ അതിന്റെ ഡോളർ സംഖ്യ തെളിവില്ലാത്തതു കൊണ്ട് കൃത്യമായി പറയാൻ സാധ്യമല്ല. അക്കാലത്ത് ജോലി ചെയ്യുന്നവർ പട്ടിണി മാറ്റാൻ ജോലി ചെയ്യുന്നവരാണ്. ജോലിക്കാരുടെ സംരക്ഷണത്തിനായി കുറഞ്ഞ വേതന നിയമം എന്നതു അന്നില്ലായിരുന്നു. നമ്മുടെ ഉദ്ദേശ്യത്തിനു വേണ്ടി നമുക്കു 18 ഡോളർ എന്നു കണക്കാക്കാം. കൃത്യമായ തുക പ്രാധാന്യമർഹിക്കുന്നില്ല. ആദ്യത്തെ ആൾക്ക് ക്ഷമിച്ചു കിട്ടിയ സംഖ്യ താരതമ്യം ചെയ്താൽ ഈ സംഖ്യ തുച്ഛമായതാണെന്നതാണ് പോയിന്റ്.

പതിനായിരം താലന്തു ക്ഷമിച്ചു കിട്ടിയവൻ അവസാനം തനിക്ക് നിസാര തുക കടമ്പെട്ട അടിമയെ കണ്ടുമുട്ടി. അവൻ തനിക്ക് കടമ്പെട്ട

കൂട്ടുദാസനെ കണ്ടുമുട്ടിയപ്പോൾ അവന്റെ തൊണ്ടയ്ക്കു പിടിച്ചു ഞെക്കി. നിന്റെ കടം തീർക്കുക എന്നു പറഞ്ഞു (വാക്യം 28). അവന്റെ അലർച്ച എനിക്ക് കേൾക്കുവാൻ കഴിയും. എന്റെ 18 ഡോളർ തരിക എന്നു പറഞ്ഞ് ആ മനുഷ്യന്റെ കഴുത്തു ഞെക്കിക്കാണും.

ഉടനെ അവന്റെ കൂട്ടുദാസൻ താഴെ വീണു (ആദ്യത്തെ മനുഷ്യനും രാജാവിന്റെ കാൽക്കൽ വീണു). അവന്റെ കൂട്ടുദാസൻ എന്നോട് ക്ഷമ തോന്നേണമേ ; ഞാൻ തന്നു തീർക്കാം എന്നവനോട് അപേക്ഷിച്ചു (വാക്യം 29). ഇതേ വാക്കു തന്നെയാണ് ആദ്യത്തെ ദാസനും ഉപയോഗിച്ചത്. കനിവിനു വേണ്ടി അവൻ രാജാവിനോട് അപേക്ഷിച്ചു. ആ വാക്കുകൾ അവന്റെ ഓർമ്മയെ തിരിച്ചു നിയന്ത്രണത്തിലാകുന്നതിനും മനഃസാക്ഷിയെ ഉണർത്തുന്നതിനും വേണ്ടിയായിരുന്നു. പക്ഷേ, അതുണ്ടായില്ല. പതിനായിരം താലന്തു ക്ഷമിച്ചു കിട്ടിയവൻ തനിക്കു തരാനുള്ള നൂറ് വെള്ളിക്കാശ് ക്ഷമിച്ചു കളഞ്ഞില്ല. അവന്റെ കയ്യിൽ 18 ഡോളർ കിട്ടാത്തതു കൊണ്ട് അവൻ കുപിതനായി. അവന് ആഘോഷമില്ല. നാം ക്ഷമിച്ചില്ലെങ്കിൽ ദൈവം നമ്മോടും ക്ഷമിക്കുകയില്ല എന്ന പാഠമാണ് കർത്താവ് ഇതിലൂടെ പഠിപ്പിക്കുന്നത്.

★

# പാപി എന്തിനു വേണ്ടി പ്രാർത്ഥിക്കണം?

**ദില്ലാർഡ് തർമാൻ**

ഒരു കുട്ടിയായിരുന്നപ്പോൾ ഞാൻ പല നവോത്ഥാന യോഗങ്ങളിലും പങ്കെടുത്തിരുന്നു. അപ്പോൾ അവിടെ കാണാൻ കഴിഞ്ഞിരുന്നത്, പാപികൾ ദൈവത്തോട് നിരപ്പു പ്രാപിക്കേണ്ടതിനും ദൈവം പാപികളോട് നിരപ്പിലാകേണ്ടതിനും പ്രാർത്ഥിക്കുന്ന സമ്പ്രദായമായിരുന്നു. എന്നാൽ പക്വതയാർജ്ജിച്ച് ബൈബിൾ ശരിയായി വായിച്ചു കഴിഞ്ഞപ്പോഴാണ് ദൈവത്തെ അനുസരിക്കാതെ വെറുതെ പ്രാർത്ഥിച്ചതു കൊണ്ട് ഫലമൊന്നുമില്ലെന്ന് മനസ്സിലായത്. ആത്മാർത്ഥതയുള്ള അനേകം പേർ നിരാശയിലാകുന്നതിന്റെ പ്രധാന കാരണം, ദൈവം അവരെ കുറിച്ച് കരുതു

ന്നില്ല എന്ന തോന്നലാണ്. പ്രിയ സ്നേഹിതരേ, പാപികളെ ദൈവം സ്നേഹിക്കുന്നുണ്ട്. പക്ഷേ, പാപം ചെയ്തു കൊണ്ടു പ്രാർത്ഥിക്കുന്നതിലെന്തർത്ഥം? ആദ്യമായി ചെയ്ത തെറ്റിനെക്കുറിച്ച് പശ്ചാത്തപിക്കുകയും ദൈവം കൽപിച്ചിരിക്കുന്നത് അനുസരിക്കുകയും വേണം. ദൈവമക്കളായി തീരുവാനാണ് എല്ലാവരും ആഗ്രഹിക്കേണ്ടത്. അതിന് നാം ദൈവ നിയമത്തിന് കീഴ്പ്പെടണം.

പഴയ നിയമത്തിൽ പോലും വളരെ സ്പഷ്ടമായി പഠിപ്പിച്ചിട്ടുള്ള കാര്യമാണിത്. രക്ഷിപ്പാൻ കഴിയാത്ത വണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല. കേൾപ്പാൻ കഴിയാത്തവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങളത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിക്കുന്നത്, നിങ്ങളുടെ പാപങ്ങളത്രേ അവൻ കേൾക്കാത്ത വണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത് (യെശയ്യാവ് 59:1–2). ആരെയാണ് ദൈവം കേൾക്കുന്നത്? പുതിയ നിയമത്തിലും പഴയ നിയമത്തിലും ഇതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. "പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും, ദൈവഭക്തനായിരുന്ന് അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾക്കുന്നു എന്നും നാം അറിയുന്നു" (യോഹന്നാൻ 9:31). പ്രാർത്ഥനയ്ക്കു മുൻപ്, പ്രാർത്ഥന ദൈവം കേൾക്കണമെന്നുണ്ടെങ്കിൽ ദൈവേഷ്ടം നാം ചെയ്യണം എന്നു തിരിച്ചറിയണം.

ഇത് ബൈബിളിൽ പറഞ്ഞിരിക്കുന്നതിനു വിരുദ്ധമാണ്. ദൈവം സ്നേഹമാണ്; ആ സ്നേഹത്തെ അവൻ വെളിപ്പെടുത്തിക്കഴിഞ്ഞു. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിപ്പാൻ തക്കവണ്ണം അവൻ ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). ഇത്തരം യാഗം കഴിഞ്ഞ ശേഷം ദൈവ സ്നേഹത്തിനായി പ്രാർത്ഥിക്കുന്നത് വിഡ്ഢിത്തമല്ലെങ്കിൽ പിന്നെ എന്താണ്? ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കുകയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചു (റോമർ 5:8). ദൈവം എല്ലാവരെയും സ്നേഹിച്ചിരുന്നു, ഇപ്പോഴും സ്നേഹിക്കുന്നുണ്ട്. അപ്പോൾ ദൈവത്തോട് സ്നേഹിപ്പാൻ പ്രാർത്ഥിക്കേണ്ട ആവശ്യമില്ല.

**ദൈവം അനുസരിക്കേണ്ടതിനുള്ള പ്രാർത്ഥന**

അപ്പോസ്തോലനായ പത്രോസ് കൊർന്നല്യോസിന്റെ അടുക്കൽ ദൈവത്തിന്റെ രക്ഷാ പദ്ധതിയുമായി എത്തിയപ്പോൾ അവൻ പറഞ്ഞു: ദൈവത്തിന് മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാനിപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു എന്നാണ് (പ്രവൃത്തി 10:34-35). പാപികൾ അവരെ അംഗീകരിക്കുവാൻ പ്രാർത്ഥിക്കുകയല്ല വേണ്ടത്. പിന്നെയോ അവർ ദൈവത്താൽ അംഗീകരിക്കപ്പെടേണ്ടതിനുള്ള ദൈവ നിബന്ധന പാലിക്കുകയത്രേ വേണ്ടത്. ക്രിസ്തുവിൽ ജനങ്ങളെ ഇന്നു ദൈവം തിരഞ്ഞെടുക്കുകയാണ്. തിരുവെഴുത്തിന്റെ പ്രസാദപ്രകാരമാണെന്ന് മാത്രം. അവന് പ്രിയവരായവരിൽ അവന്റെ മഹത്വം സൗജന്യമായത്രേ നൽകുന്നത് (എഫെസ്യർ 1:5-6). ക്രിസ്തുവിലായി തീരുക എന്ന ദൈവ നിബന്ധന സ്വീകരിക്കാതെ ദൈവം അവരെ അംഗീകരിക്കണം എന്നു പറയുന്നത് വിരോധാഭാസം തന്നെയാണ്.

## രക്ഷിപ്പാൻ ദൈവം മനസ്സു കാണിക്കേണ്ടതിന് പ്രാർത്ഥിക്കൽ

ദൈവം എല്ലായ്പ്പോഴും മനുഷ്യരെ രക്ഷിക്കുവാൻ മനസ്സു കാണിച്ചിട്ടുണ്ട്. അതില്ല എന്നു പറയുവാൻ ആർക്കു കഴിയും? ദൈവം തന്റെ പുത്രനെ ദാനമായി തന്നത് അതിന് തെളിവല്ലെങ്കിൽ പിന്നെ എന്താണ്? ആരും നശിച്ചു പോകുന്നതു ദൈവത്തിനിഷ്ടമല്ല. അതുകൊണ്ടാണ് തന്റെ പുത്രനെ മദ്ധ്യസ്ഥനായി വെച്ചിരിക്കുന്നത്. അതുകൊണ്ടാണ് തന്റെ പരിജ്ഞാനം തന്നിരിക്കുന്നത്. എല്ലാവരും മാനസാന്തരപ്പെടുവാനായി ദൈവം ദീർഘക്ഷമ കാണിക്കുകയാണ് (2 പത്രോസ് 3:9). ദൈവത്തിന് എപ്പോഴും മനുഷ്യരെ രക്ഷിപ്പാൻ മനസ്സുണ്ട്. പക്ഷേ, മനുഷ്യർക്കാണ് ദൈവത്തോടടുക്കാൻ മനസ്സു വേണ്ടത്.

## പരിശുദ്ധാത്മാവ് എന്ന ദാനത്തിനു വേണ്ടി പ്രാർത്ഥിക്കൽ

ഇത് തുടരെത്തുടരെ നടത്തുന്നവരുണ്ട്. പാപികൾ മുട്ടിന്മേൽ നിന്നു

പ്രാർത്ഥിക്കും. ദൈവത്തോടു പരിശുദ്ധാത്മാവിനെ അയയ്ക്കാൻ പ്രാർത്ഥിക്കും. അതിനു വേണ്ടി ആളുകൾ കാത്തിരിക്കും; ഉപവസിച്ചു പ്രാർത്ഥിക്കും. എവിടെ നിന്നാണ് അവർക്ക് ഈ ആശയം കിട്ടിയത്? ബൈബിളിൽ അപ്പോസ്തോലന്മാരോട് യെരൂശലേമിൽ കാത്തിരിക്കാൻ പറഞ്ഞിട്ടുണ്ട്. അല്ലാതെ കാത്തിരിക്കാൻ പറഞ്ഞിട്ടില്ല. പരിശുദ്ധാത്മാവിനു വേണ്ടി പ്രാർത്ഥിക്കുവാനും പറഞ്ഞിട്ടില്ല. പരിശുദ്ധാത്മാവ് അപ്പോസ്തോലന്മാരിൽ വന്ന് അവരിൽ കൂടെ സംസാരിച്ച തിരുവെഴുത്തുകൾ ഇന്നു നമുക്കുണ്ട് (പ്രവൃത്തി 2:4).

പാപികൾ ദൈവ സന്ദേശം കേട്ടപ്പോൾ തങ്ങൾ എന്തു ചെയ്യണമെന്ന് അവർ അപ്പോസ്തോലന്മാരോട് ചോദിച്ചു (പ്രവൃത്തി 2:36–37). അപ്പോൾ പത്രോസ് അവരോട്: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തി 2:38). പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന് ആളുകൾ പ്രാർത്ഥിക്കണമെന്ന് പറഞ്ഞില്ല, അവർ പ്രാർത്ഥിച്ചതുമില്ല. സുവിശേഷം അനുസരിക്കുമ്പോൾ പരിശുദ്ധാത്മാവ് ലഭിക്കുമെന്നാണ് പറയുന്നത്. നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിൽ അയച്ചു (ഗലാത്യർ 4:6). ദൈവ മക്കൾ ആകാതെ പരിശുദ്ധാത്മാവിനെ ആരും അറിയുന്നില്ല. മറിച്ച് ദൈവ മക്കൾ ആയി തീരുന്നവരിലാണ് തന്റെ ആത്മാവിനെ ദൈവം അയയ്ക്കുന്നത്.

## രക്ഷയ്ക്കു വേണ്ടി പ്രാർത്ഥിക്കുകയോ?

ദൈവവിശ്വാസിയായ ആരും തന്നെ ഒരു പാപിയോട് രക്ഷിക്കപ്പെടുന്നതിനു പ്രാർത്ഥിപ്പാൻ പറഞ്ഞില്ല. കൊർന്നല്യോസിന് രക്ഷിക്കപ്പെടുവാൻ സുവിശേഷം ആണ് അയച്ചത് (പ്രവൃത്തി 11:14). തർസൊസുകാരനായ ശൗൽ രക്ഷിക്കപ്പെട്ടത് അനന്യാസ് എന്ന സുവിശേഷകൻ അവനോട് ദൈവ സന്ദേശം അറിയിച്ചതിനാലും അനുസരിച്ചതിനാലുമാണ്. സ്നാനമേറ്റ് നിന്റെ പാപങ്ങളെ കഴുകിക്കളയുക എന്നുള്ള കൽപന ആവൻ അനുസരിച്ചു (പ്രവൃത്ത് 22:16).

## പ്രാർത്ഥന കൊണ്ട് പാപത്തിൽ നിന്നും സ്വാതന്ത്ര്യമോ?

പാപത്തിൽ നിന്നും സ്വാതന്ത്ര്യം കിട്ടുന്നതിന് പ്രാർത്ഥനയല്ല വേണ്ടത്. ദൈവത്തിന്റെ ഉപദേശ രൂപം ഹൃദയപൂർവ്വം അനുസരിച്ചാൽ മാത്രമേ പാപത്തിന്റെ അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ. സാത്താന്റെ അടമത്വത്തിലാണ് മനുഷ്യർ. ആത്മീയ സ്വാതന്ത്ര്യത്തിനു അവരെയെല്ലാം സത്യം അറിയിക്കണം. സത്യത്തിനു മാത്രമേ ആളുകളെ സ്വതന്ത്രരാക്കാൻ സാധിക്കുകയുള്ളൂ. തീർച്ചയായും ദൈവപുത്രനായ ക്രിസ്തുവിനും അതിനു കഴിയും. കാരണം അവൻ വചനമാണ്. പാപ ക്ഷമാപണം കർത്താവിന്റെ ഇഷ്ടം അനുസരിക്കുന്നവർക്കാണ്. യേശു ക്രിസ്തു ചോദിക്കുന്നത്: നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്നതു ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്ത് എന്നാണ്. ദൈവത്തിന്റെ അരുളപ്പാടിലുള്ള നിർമ്മലമായ സത്യം അനു സരിക്കുന്നതിനു പകരം മറ്റു പലതും ഇന്നു മനുഷ്യരെ പഠിപ്പിച്ചു വെച്ചി രിക്കുകയാണ്. നിങ്ങൾ യാഥാർത്ഥ്യം ബോധത്തോടെ സത്യം മനസ്സി ലാക്കി അനുസരിക്കണം.

✶

# ക്രിസ്തുവും സഭയും

വിൽഫ്രെഡ് ക്ലാർക്ക്

ചില കുട്ടികളെ കുറിച്ച് ചിന്തിക്കുമ്പോൾ മറ്റു ചില കാര്യങ്ങൾ കൂടെ അതിനോട് ചേർന്നു നിങ്ങൾ ചിന്തിക്കും. നോഹയെ കുറിച്ച് ചിന്തിക്കു മ്പോൾ, പെട്ടകത്തെ കുറിച്ചു ചിന്തിക്കും, യേശുവിനെക്കുറിച്ച് ചിന്തിക്കു മ്പോൾ സഭയെക്കുറിച്ചും ചിന്തിക്കണം. യേശുവിന്റെ മനസ്സിൽ നിറഞ്ഞു നിന്ന ഒരു വിഷയമായിരുന്നു സഭ എന്ന കാര്യത്തിൽ ഒരു സംശയവു മില്ല. അവൻ അതു സംസാരിക്കുകയുണ്ടായി (മത്തായി 16:16–19). അവൻ സഭയെ അർത്ഥമാക്കിയതെന്താണെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തി ച്ചിട്ടുണ്ടോ? സഭയ്ക്കു വേണ്ടിയുള്ള അവന്റെ കരുതൽ എത്ര മാത്രം ഉണ്ടായിരുന്നു എന്നു നാം നോക്കേണ്ടിയിരിക്കുന്നു. അവന് സഭയുമാ യുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന വാക്യങ്ങൾ നോക്കിയാൽ അത്

ബോധ്യമാകും.

### 1. അവൻ കൊടുത്ത വില നോക്കുക

ഒരു വസ്തുവിനെക്കുറിച്ച് ആളുകൾ എന്തു വിചാരിക്കുന്നു എന്ന് അവർ അതിന് കൊടുക്കുന്ന വില നോക്കി മനസ്സിലാക്കാവുന്നതാണ്. അത് വിലമതിക്കുന്നതായി അവർ പരിഗണിക്കുമ്പോൾ അതിനുള്ള ചെലവ് ഒരു പ്രശ്നമായി അവർ കാണുന്നില്ല. വിലമതിക്കാവുന്ന ഒന്നാണെങ്കിൽ അത് വാങ്ങുവാൻ അവർ എന്തും ചെയ്തേക്കാം. അത് സ്വായത്തമാക്കാൻ അവർ എന്തു ത്യാഗവും സഹിക്കും.

യേശു തന്റെ സഭയ്ക്കു നൽകിയ വില എന്താണെന്ന് ഇത് വ്യക്തമാക്കുന്നു. പൗലോസിന് പറയുവാനുള്ളത് എന്താണെന്ന് ശ്രദ്ധിക്കുക. ക്രിസ്തു സഭയെ സ്നേഹിച്ചതു തന്നെത്താൻ അവൾക്ക് ഏൽപ്പിച്ചു കൊടുത്തതു കൊണ്ടാണ് (എഫെസ്യർ 5:25–27). പിന്നീട് അവൻ എഫെസ്യയിലെ മൂപ്പന്മാരോട് പറഞ്ഞത്: താൻ സ്വന്ത രക്തം കൊടുത്തു സമ്പാദിച്ച സഭ.... എന്നാണ് (പ്രവൃത്തി 20:28). അവൻ കൊടുത്ത വില അപര്യാപ്തമെന്നോ രണ്ടാമതുണ്ടായ ചിന്തയെന്നോ ആരും പറയുകയില്ല. കാരണം, യേശു സഭയ്ക്കായി നിശ്ചയിച്ചതു ശക്തമായ ഒന്നായിരുന്നു. തനിക്കുള്ളതെല്ലാം അവൻ അതിന് വിലയായി നൽകി.

സഭയെ സംബന്ധിച്ച കർത്താവിന്റെ വിലയെക്കുറിച്ച് നമുക്ക് യാതൊരു സംശയവും വേണ്ട. തന്റെ ശരീരവും രക്തവും അതിനെ വിലയ്ക്കെടുക്കാൻ അവൻ നൽകി. നാം അതിനെ ബഹുമാനത്തോടെ അംഗീകരിക്കണം. സഭയുടെ വിലയെ അഗണ്യമായി കാണരുത്. മറ്റൊരു വിധത്തിൽ നാം ചിന്തിക്കരുത്.

### 2. അതിനു വേണ്ടിയുള്ള അവന്റെ പ്രാർത്ഥന ശ്രദ്ധിക്കുക

ആ വലിയ പ്രാർത്ഥന നിങ്ങൾക്കു കിട്ടുന്ന സമയം എടുത്തു വായിക്കുക. അത് യോഹന്നാൻ 17–ാം അദ്ധ്യായത്തിലാണ്. സഭയ്ക്കു വേണ്ടിയുള്ള കർത്താവിന്റെ ചിന്തയും സഭയെ സംബന്ധിച്ച ആശയവും നമുക്ക് കണ്ടെത്താൻ കഴിയും. അവന്റെ അപ്പോസ്തോലന്മാർക്ക് പ്രമുഖസ്ഥാനം ഉണ്ടായിരുന്നു. വാക്യങ്ങൾ പരിശോധിച്ചാൽ അത് ബോധ്യമാകും.

അവർ വിശുദ്ധീകരിക്കപ്പെടുവാൻ അവർക്ക് വേണ്ടി പ്രാർത്ഥി

ക്കുന്നുണ്ട്. ‘‘അവരെ ലോകത്തിൽ നിന്ന് എടുക്കേണം എന്നല്ല ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെ വണ്ണം അവരെ കാത്തു കൊള്ളണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നത്’’ (യോഹന്നാൻ 17:15). ‘‘ഇവർ ഭൂമിയുടെ ഉപ്പാകുന്നു എന്ന് യേശുവിനറിയാമായിരുന്നു. അവരെ വിശുദ്ധിയും നിർമ്മലതയും ഉള്ളവരായി സംരക്ഷിക്കണമായിരുന്നു. ഭിന്നത മൂലം ലോകം അവിശ്വാസത്തിലാകും എന്നും അവനറിയാമായിരുന്നു. ഭിന്നതയ്ക്കു നാം കൂടുതൽ വില കൊടുക്കേണ്ടി വരും. യേശു സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കുക മാത്രമല്ല ചെയ്തത് എന്നോർക്കുക. നമ്മോടും അത് ചെയ്യാൻ പറയുന്നുണ്ട് (മത്തായി 6:9-13).

### 3. അവന് അതിനു വേണ്ടി ഉണ്ടായിരുന്ന പദ്ധതികൾ നോക്കുക

യേശു ഇവിടെ വന്നപ്പോൾ സഭയ്ക്ക് വേണ്ട പദ്ധതികൾ തയ്യാറാക്കിയിരുന്നു എന്നത് സംശയരഹിതമാണ്. അത് ഒരു പുനർചിന്തയായിരുന്നില്ല. യഹൂദന്മാർ അവനെ മശീഹാ എന്നു ഗണ്യമാക്കാതെ തള്ളിക്കളഞ്ഞതു കൊണ്ടുമായിരുന്നില്ല. തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ അവൻ ചെയ്തതെല്ലാം കാണാം. ‘‘ദൈവ രാജ്യം ആസന്നമായിരിക്കുന്നു എന്ന് എല്ലാവരും അറിയാൻ അവൻ ആഗ്രഹിച്ചിരുന്നു’’ (മത്തായി 4:17). അവൻ സഭയെക്കുറിച്ചല്ലാതെ മറ്റൊന്നും ആഗ്രഹിച്ചിരുന്നില്ല. മറ്റൊരു സ്ഥാപനവും അവന്റെ മനസ്സിൽ ഇല്ലായിരുന്നു. അവൻ പറഞ്ഞത് ശ്രദ്ധിക്കുക : ‘‘എന്റെ പിതാവ് എനിക്ക് രാജ്യം നിയമിച്ചു തന്നതു പോലെ ഞാൻ നിങ്ങൾക്കും നിയമിച്ചു തരുന്നു. നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിങ്കൽ തിന്നു കുടിക്കുകയും സിംഹാസനങ്ങളിൽ ഇരുന്നു ഇസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കുകയും ചെയ്യും’’ (ലൂക്കോസ് 22:29-30). ഇത് കർത്തൃമേശയെ കുറിച്ചു തന്നെയാണ് പറയുന്നത്. സഭയിലെ കർത്താവിന്റെ മേശയെ ആരും സംശയിക്കുകയില്ലല്ലോ (1 കൊരിന്ത്യർ 11:23-26). എന്നാൽ യേശു പറഞ്ഞു, അത് രാജ്യത്തിലായിരിക്കും. ഇത് ഒരേ സ്ഥാപനത്തിലുള്ള ആളുകളെക്കുറിച്ചാണ് പറയുന്നത്.

അങ്ങനെ അവൻ രാജ്യത്തെക്കുറിച്ച് സംസാരിച്ചപ്പോൾ സഭയെ കുറിച്ചാണ് സംസാരിച്ചത്. അത് കൊണ്ടാണ് രാജ്യം, സഭ എന്നീ രണ്ടു വാക്കുകളും അടുത്തടുത്തായി ഉപയോഗിച്ചിരിക്കുന്നത് (മത്തായി 16:16-19). സഭ പണിയും എന്നു പറഞ്ഞിട്ട് ദൈവരാജ്യത്തിന്റെ താക്കോൽ

നൽകുന്നു എന്നു പറഞ്ഞു. ഇതു രണ്ടും ഒന്നു തന്നെയാണ്. സഭ പണിയുന്നതിനു കർത്താവിനു പദ്ധതി ഉണ്ടായിരുന്നു.

### 4. അതിലെ ജനസംഖ്യ നോക്കുക

സഭയായി തീർന്ന ആളുകളെ കുറിച്ചൊന്നു ചിന്തിച്ചു നോക്കുക. അപ്പോൾ കർത്താവിനു സഭയെക്കുറിച്ചുള്ള ആശയം നിങ്ങൾക്കു കിട്ടും. സഭയിലുള്ള ആളുകൾ ഏതു തരക്കാരാണെന്ന് ലൂക്കോസ് വിവരിക്കുന്നുണ്ട്. "രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു" (പ്രവൃത്തി 2:47). സഭയായി ചേർക്കപ്പെടുന്നവരാണ് ലോകത്തിലെ ഏറ്റവും വലിയ ആളുകൾ. സാത്താനിൽ നിന്നു ജീവനുള്ള ദൈവത്തിലേക്ക് തിരിഞ്ഞവരാണ് അവർ, ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് തിരിഞ്ഞവരാണവർ.

### 5. അതിനായി ഒരുക്കിയ സ്ഥലം നോക്കുക

ശിഷ്യന്മാർക്ക് ഒരു സ്ഥലം ഒരുക്കുവാൻ പോകുന്നെന്നു യേശു പറഞ്ഞിരുന്നില്ലേ? (യോഹന്നാൻ 14:1-3). അവൻ സ്വർഗ്ഗത്തിൽ അവർക്കായി ഒരു സ്ഥലം ഒരുക്കും എന്നാണ് പറഞ്ഞിരുന്നത്. പൗലോസ് വേർപിരിഞ്ഞു കർത്താവിനോട് കൂടെ ആകുവാൻ അടുത്തിരിക്കുന്നെന്ന് മനസ്സിൽ കണ്ടു പറഞ്ഞ സ്ഥലം അതാണ് (ഫിലിപ്പിയർ 1:21-23). സഭയ്ക്കു വേണ്ടി കർത്താവിന്റെ മനസ്സിൽ ഉണ്ടായിരിക്കുന്നതു പൗലോസിനു മനസ്സിലായിരുന്നു. കാലങ്ങളായി വീണ്ടെടുക്കപ്പെട്ടിരുന്നവരുടെ ഭവനത്തിലെത്താനായിരുന്നു അവൻ കാത്തിരുന്നത്. അവൻ സഭയെ ഗൗരവമായി ചിന്തിച്ചിരുന്നു. നാമും സഭയെ ഇങ്ങനെ കരുതണം.

### 5. സഭയുടെ വളർച്ച നോക്കുക

ഒന്നാം നൂറ്റാണ്ടിൽ സഭയ്ക്കു വളരെയധികം ഉപദ്രവം നേരിട്ടിരുന്നു. എങ്കിലും ചിതറിപ്പോയവർ വചനം സംസാരിച്ചു കൊണ്ടു അവിടവിടെ സഞ്ചരിച്ച് തൽഫലമായി ജനങ്ങൾ വിശ്വസിച്ചു സ്നാനമേറ്റ് സഭയോട് ചേർക്കപ്പെട്ടു. അപ്പോസ്തോലന്മാരും ആദ്യ ക്രിസ്ത്യാനികളും അവരുടെ കടമ കൃത്യമായി നിർവ്വഹിച്ചു. സഭയുടെ വളർച്ചയ്ക്ക് അന്ന് ഉത്സാഹവും എരിവുമാണുണ്ടായത്. ഇന്നും സഭയുടെ വളർച്ചയ്ക്ക് ഇതു തന്നെയാണാവശ്യം. അതിന് ദൈവപരിജ്ഞാനത്തിൽ വളരണം. എങ്കിൽ മാത്രമേ

ഉറപ്പും ധൈര്യവും ഉണ്ടാകുകയുള്ളൂ. ക്രിസ്തുവിന്റെ ഉപദേശത്തിന്റെ മഹാത്മ്യം തിരിച്ചറിഞ്ഞവർ ഒരിക്കലും അടങ്ങിയിരിക്കുകയില്ല. കർത്താവിന്റെ സഭയിലുള്ള എല്ലാവരും ക്രിസ്തുവിന്റെ ലക്ഷ്യം മനസ്സിലാക്കി ജീവിച്ചാൽ സഭയെ വളർത്തുവാൻ വേണ്ടത് നാം ചെയ്യും.

✶

# നാം എങ്ങനെ പ്രാർത്ഥിക്കണം?

**ജെ. സി. ചോട്ട്**

ക്രിസ്ത്യാനികൾ അവരുടെ ദൈവത്തോടു സമീപിക്കുന്നത് പ്രാർത്ഥന മുഖാന്തരമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നാം ദൈവത്തോട് സംസാരിക്കുന്നത് ഇങ്ങനെയാണ്. പക്ഷേ എങ്ങനെ നാം അത് ചെയ്യും? പലരും പല വിധത്തിലാണ് അത് ചെയ്യുന്നത്. ദൈവം അംഗീകരിക്കുന്നത് എന്താണ്? സൃഷ്ടി കർത്താവും സർവ്വത്തിന്റെ ദാതാവുമായ ദൈവത്തോട് ആശയവിനിമയം നടത്തേണ്ടത് എങ്ങനെ എന്നു നാം അറിഞ്ഞിരിക്കണം.

ബഹുമാനം പ്രദർശിപ്പിക്കാതെ ദൈവ സാന്നിധ്യത്തോടടുക്കുവാൻ കഴിയും. ക്രിസ്തു പറഞ്ഞു, "ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്കരിക്കണം" (യോഹന്നാൻ 4:24).

യേശുക്രിസ്തു പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നുണ്ട്. എങ്ങനെ പ്രാർത്ഥിക്കണം, എങ്ങനെ പ്രാർത്ഥിക്കരുതെന്നും പഠിപ്പിച്ചിട്ടുണ്ട്. "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തരെപ്പോലെയാകരുത്". അവർ മനുഷ്യർക്ക് വിളങ്ങേണ്ടതിന് പള്ളികളിലും തെരുവുകോണുകളിലും നിന്നുകൊണ്ട് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക : രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടും

എന്നല്ലോ അവർക്കു തോന്നുന്നത്. അവരോട് തുല്യരാകരുത്. നിങ്ങൾക്ക് ആവശ്യമുള്ളത് ഇതെന്ന് നിങ്ങൾ യാചിക്കും മുൻപേ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ''. (മത്തായി 8:5-8). എങ്ങനെ പ്രാർത്ഥിക്കണമെന്ന് തുടർച്ചയായി ശിഷ്യന്മാരോടു പങ്കു വയ്ക്കുന്നുണ്ട്. യേശു ഒരു മാതൃകാ പ്രാർത്ഥന തന്നെ അവർക്കു വേണ്ടി പറഞ്ഞു കൊടുത്തിട്ടുണ്ട്. ദൈവത്തോട് സംസാരിക്കുന്നതിന്റെ പ്രാധാന്യവും അതിൽ അടങ്ങിയിരിക്കേണ്ട പോയിന്റുകളും നമുക്ക് പ്രയോജനപ്പെടേണ്ടതിന് വേണ്ടി എഴുതിയിരിക്കുന്നു. നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമേ; ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതു പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്ന് ഞങ്ങളെ വിടുവിക്കേണമേ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാണല്ലോ (മത്തായി 6:9-13).

എന്തു കൊണ്ടാണ് ഈ പ്രാർത്ഥന യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കാതിരുന്നത്? കാരണം യേശു പാപികൾക്കു വേണ്ടി അപ്പോൾ മരിച്ചിട്ടില്ലായിരുന്നു. അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റ ശേഷമാണ് സകല അധികാരവും ലഭിച്ചിരുന്നത്. ഏക മധ്യസ്ഥനും അവൻ തന്നെ. അതു കൊണ്ട് ഇന്നു നാം പ്രാർത്ഥിക്കുമ്പോൾ ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. വേറൊന്ന് അന്ന് ദൈവരാജ്യം സ്ഥാപിതമാകാനിരിക്കുകകൊണ്ട് രാജ്യം വരേണ്ടതിന് പ്രാർത്ഥിച്ചത്. രാജ്യം സ്ഥാപിച്ചു കഴിഞ്ഞതിനാൽ ഇനി രാജ്യം വരേണമേ എന്നു പ്രാർത്ഥിക്കേണ്ടതില്ല. രാജ്യത്തിന്റെ വളർച്ചയ്ക്കും വ്യാപ്തിക്കും വേണ്ടി ക്രിസ്തുവിന്റെ നാമത്തിൽ നമുക്കു പ്രാർത്ഥിക്കാം. (1 കൊരിന്ത്യർ 1:2).

പ്രാർത്ഥന സംബോധന ചെയ്തിരിക്കുന്നത് പിതാവിനോടാണെന്ന് നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. ആദ്യം ദൈവത്തിന് പുകഴ്ച കൊടുക്കുന്നു. പിന്നെ സഭയുടെ അഥവാ രാജ്യത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു. ആ രാജ്യത്തിന്റെ ആവിർഭാവത്തിന് വേണ്ടി പ്രർത്ഥിപ്പാൻ ശിഷ്യന്മാരോട് ആവശ്യപ്പെടുന്നുണ്ട്. ആനുകാലികവും ആത്മീയവുമായ ആവശ്യങ്ങളെ ദൈവത്തോട് അറിയിക്കണം.

രണ്ടാമതായി ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ പറയുന്നുണ്ട്. മൂന്നമാതായി യേശു പഠിപ്പിച്ചത് ക്ഷമയെക്കുറിച്ചാണ്. അന്യോന്യം ക്ഷമിച്ചു കൊണ്ട് വേണം നാം ദൈവത്തോട് ക്ഷമയാചന നടത്തുവാൻ. നാം പരസ്പരം ക്ഷമിച്ചാൽ മാത്രമേ ദൈവം നമ്മോട് ക്ഷമിക്കുകയുള്ളൂ. അടുത്തതായി പരീക്ഷണങ്ങളെ അതിജീവിക്കാൻ ദൈവസഹായം ആവശ്യമാണ്. മോഹമാണ് പരീക്ഷണത്തിന് വിധേയമാകുന്നത്. അതു പാപത്തിലേക്ക് നമ്മെ നയിക്കും. അതിൽ നാം വീണു പോകാതിരിക്കേണ്ടതിന് ദൈവം നമ്മെ താങ്ങേണ്ടതിന് പ്രാർത്ഥിക്കണം. പിന്നീട് ദൈവത്തിന് ബലവും ശക്തിയും അർപ്പിക്കുന്നത് ദൈവത്തെ മഹത്വപ്പെടുത്തി പുകഴ്ത്തുന്നതിന് തുല്യമാണ്. വളരെ ചുരുങ്ങിയ പ്രാർത്ഥനയാണിത്. പക്ഷേ അതിൽ പ്രാർത്ഥനയ്ക്കാവശ്യമായ അടിസ്ഥാനവും പൊതുവായതുമായ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വ്യക്തിപരമായ പ്രത്യേക ആവശ്യങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ നിന്ന് പുറപ്പെടുമ്പോൾ ദൈവം നമുക്കായി കരുതുന്നു എന്ന ബോധ്യം നാം ദൈവത്തോട് അറിയിക്കുകയാണ്. ദൈവത്തെ പ്രസാദിപ്പിക്കുക എന്ന ലക്ഷ്യവും പ്രാർത്ഥനയിൽ അടങ്ങുന്നുണ്ട്.

രഹസ്യ പ്രാർത്ഥനയും പരസ്യ പ്രാർത്ഥനയുമുണ്ട് (ലൂക്കോസ് 9:18 ; പ്രവൃത്തി 12:12). നാം നിൽക്കുന്ന സ്ഥലത്ത് നിന്നു പ്രാർത്ഥിക്കാം (മർക്കോസ് 11:25). മുട്ടു കുത്തി പ്രാർത്ഥിക്കാം (പ്രവൃത്തി 9:40). രാത്രിയും പകലും തുർച്ചയായി പ്രാർത്ഥിക്കുന്നുണ്ട് (1 തെസലോനികൃർ 3:10). ഇടവിടാതെ പ്രാർത്ഥിക്കുവാനാണ് ദൈവം നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നത് (1 തെസലോനികൃർ 5:17). നിങ്ങൾ ഒരു ക്രിസ്ത്യാനിയാണോ? നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ടോ? നിങ്ങളുടെ പ്രാർത്ഥനാനുഭവം എന്താണ്? നിങ്ങൾ വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നുണ്ടോ? ദൈവം നിങ്ങളെ സ്നേഹിക്കുന്നു എന്നും നിങ്ങളുടെ അപേക്ഷ കേൾക്കുവാൻ സന്നദ്ധനാണ് എന്നും അറിയുന്നുവോ? നമ്മുടെ പിതാവിനോട് പ്രാർത്ഥന മുഖാന്തരം സമീപിക്കുവാൻ കഴിവുള്ള നാം എത്ര ഭാഗ്യമുള്ളവരാണ്? നാം അങ്ങനെ ചെയ്യുമ്പോൾ ദൈവം എത്ര ശക്തമായി നമ്മിൽ പ്രവർത്തിക്കും എന്നറിയുക.

★

# പൂവൻ കോഴി കൂകുമ്പോൾ

**ഡേവിഡ് റോപ്പർ**

ഉൾ പ്രദേശങ്ങളിൽ താമസിച്ചിട്ടുള്ള എല്ലാവരും പൂവൻ കോഴി കൂകുന്നത് കേട്ടിരിക്കും. ആ പക്ഷി നിഗളത്തോടെ, നീണ്ടു നിവർന്ന് കഴുത്തു നീട്ടി പ്രഭാതത്തെ വന്ദനം ചെയ്യുന്നത് കണ്ടിരിക്കാം. എന്തുകൊണ്ടാണ് പൂവൻ കോഴി കൂകുന്നത് എന്നെനിക്കറിഞ്ഞു കൂടാ. ഞാൻ കരുതുന്നത്: അത് തന്റെ കപ്പലണ്ടി വലുപ്പത്തിലുള്ള തലയെ നിശ്വസിക്കുന്നതാകാം. താൻ കൂവിയില്ലെങ്കിൽ സൂര്യൻ ഉദിക്കുകയില്ല എന്നാകാം ചിന്ത.

ഞാൻ കുട്ടിയായിരുന്നപ്പോൾ കോഴിയുടെ കൂവൽ കേട്ടിട്ടുള്ളത് സമ്മിശ്ര വികാരത്തോടെയാണ്. പുതിയ ദിവസത്തിന്റെ ആരംഭത്തെയാണ് അത് കുറിക്കുന്നത്. ചൂടുള്ള ബെഡ്ഡിൽ ഞാൻ ഇഴഞ്ഞു പുറത്തു വന്ന് എന്റെ പതിവ് ജോലിക്കുള്ള സമയമായി എന്ന മുന്നറിയിപ്പാണ്. അതത്ര നന്നായി എന്നെനിക്ക് തോന്നിയിരുന്നില്ല. ചരിത്രത്തിൽ ഒരാൾക്ക് ഈ പൂവൻ കോഴി കൂകുന്നത് സന്തോഷം ഉണ്ടാക്കിയില്ലെന്നു മാത്രമല്ല, അഗാധമായ ദുഃഖവുമുണ്ടാക്കി. ആ മനുഷ്യന്റെ പേരാണ് പത്രോസ്. ആ ദുഃഖകരമായ സംഭവം അവസാനിക്കുന്നത് മത്തായി 26:73–75 വരെയുള്ള വാക്യങ്ങളിൽ കാണാം.

അൽപനേരം കഴിഞ്ഞിട്ട് അവിടെ നിന്നവർ അടുത്തു വന്ന് പത്രോസിനോട് നീയും അവരുടെ കൂട്ടത്തിൽ സത്യം; നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലോ എന്നു പറഞ്ഞു. അപ്പോൾ അവൻ: ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്ന് പ്രാകുവാനും ആണയിടുവാനും തുടങ്ങി. ഉടനെ കോഴി കൂകി എന്നാണ് എഴുതിയിരിക്കുന്നത്. കോഴി കൂകും മുമ്പേ നീ മൂന്നു വട്ടം തള്ളിപ്പറയും എന്നു യേശു പറഞ്ഞ വാക്ക് പത്രോസ് ഓർത്ത് പുറത്തു പോയി അതി ദുഃഖത്തോടെ കരഞ്ഞു. പൂവൻ കോഴി കൂകുന്നതിൽ ഊന്നൽ കൊടുത്തുകൊണ്ട് പത്രോസ് തള്ളിപ്പറഞ്ഞ സംഭവം നമുക്ക് പഠിക്കാം. നമ്മുടെ വേദഭാഗമായി നമുക്ക് മത്തായി 26 ഉപയോഗിക്കാം. എന്നാൽ ഇതിന് സമാനമായ വിവരങ്ങളുടെ ചില വിശദീകരണങ്ങൾ കൂടെ കൊണ്ടു വരുന്നുണ്ട് (മർക്കോസ് 14; ലൂക്കോസ് 22; യോഹന്നാൻ 18). നാം ആദ്യം പത്രോസിനു വേണ്ടി

കോഴി കൂകിയപ്പോൾ എന്നതു നോക്കും, പിന്നെ നമുക്ക് വേണ്ടി കോഴി കൂകുന്നത് ശ്രദ്ധിക്കാം.

പൂവൻ കോഴി പത്രോസിനു വേണ്ടി കൂകിയപ്പോൾ പ്രഖ്യാപനവും എതിർപ്പും മത്തായി 26-ാം അദ്ധ്യായത്തിൽ യേശു തന്റെ ശിഷ്യന്മാരുമായി മാളിക മുറിയിലായിരുന്നു. വരുവാനിരിക്കുന്നതു അറിഞ്ഞു താൻ തന്റെ പിൻഗാമികളെ മുന്നറിയിക്കുവാൻ ശ്രമിച്ചു. മുന്നറിയിപ്പായി യേശു അവരോട്: ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും (വാക്യം 31). ഇടറുക എന്നതു ഗ്രീക്ക് വാക്കിന്റെ അർത്ഥമാണ്. യേശു ഫലത്തിൽ പറഞ്ഞത്: എന്റെ നിമിത്തം നിങ്ങൾ ഈ രാത്രിയിൽ ലജ്ജിക്കപ്പെടുകയും ഇടറി വീഴുകയും ചെയ്യും എന്നാണ്. പിന്നീട് യേശു സെഖര്യാവ് 13:7 ഉദ്ധരിക്കുകയുണ്ടായി. ‘‘ആടുകൾ ചിതറിപ്പോകേണ്ടതിന് ഇടയനെ വെട്ടുക.’’ ഇടയനെ വെട്ടുമെന്ന് പറഞ്ഞിരിക്കുന്നതിന്റെ ആശയം യേശുവിന്റെ മരണത്തെ സൂചിപ്പിക്കുന്നു.

തന്റെ ശിഷ്യന്മാർ തന്നെ ഉപേക്ഷിക്കുമെന്ന് അറിയുകയും മുന്നറിയിക്കുകയും ചെയ്തിരുന്നെങ്കിലും അവൻ അവരെ വീണ്ടും സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്തു. 32-ാം വാക്യത്തിൽ ‘‘താൻ ഉയിർത്തെഴുന്നേറ്റ ശേഷം അവൻ അവരോട് ചേരും എന്നു പറയുന്നു. എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റ ശേഷം നിങ്ങൾക്ക് മുമ്പായി ഗലീലയ്ക്ക് പോകും.’’ പത്രോസ് എങ്ങനെയായാലും സ്നേഹവും കരുതലും കേട്ടില്ല. അവനും മറ്റ് ശിഷ്യന്മാരും യേശുവിനെ ഉപേക്ഷിച്ചു പോകുമെന്ന് പറഞ്ഞത് മാത്രം കേട്ടിരുന്നു. അവന് അത് സ്വീകാര്യവുമായിരുന്നില്ല. അതിന് പത്രോസ്: ‘‘എല്ലാവരും ഇടറിയാലും ഞാൻ ഒരു നാളും ഇടറുകയില്ല എന്നു പറഞ്ഞു’’ (വാക്യം 33). ‘‘ശിഷ്യന്മാരിൽ പത്രോസ് ആദ്യമായും അവസാനമായും ഗുരോ ഇപ്രാവശ്യം നിങ്ങൾക്ക് തെറ്റ് പറ്റിപ്പോയി’’ എന്നു പറഞ്ഞു. കർത്തൃമേശ സ്ഥാപിച്ചു കൊടുക്കുമ്പോൾ പത്രോസും ഉൾപ്പെട്ടിരുന്നു. അവൻ കർത്താവിനോടും മറ്റു ശിഷ്യന്മാരോടും കൂട്ടായ്മ പുലർത്തി. അവൻ ശക്തനാണെന്ന് സ്വയം കരുതി, അതൊരിക്കലും അരുത്. പക്ഷേ, പത്രോസ് അവ്വണ്ണം തന്നെ ചെയ്തു.

യേശു മുന്നറിയിപ്പ് ആവർത്തിച്ചു. വ്യക്തിപരമായി പത്രോസിനോടും ‘‘ഈ രാത്രി കോഴി കൂകും മുമ്പ് നീ എന്നെ മൂന്നു വട്ടം തള്ളിപ്പറയും’’ (വാക്യം 34). കോഴി കൂകും മുമ്പ് എന്നു പറഞ്ഞാൽ പ്രഭാത

ത്തിന് മുമ്പ് എന്നർത്ഥം. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഇനി മൂന്ന്, നാല്, അഞ്ച് മണിക്കൂർ കഴിഞ്ഞ് നീ എന്നെ മൂന്നു വട്ടം തള്ളിപ്പറയും. പത്രോസിന് അത് ഊഹിക്കാൻ പോലും കഴിഞ്ഞില്ല. അവന് അത് കറുപ്പ് വെള്ളയായിത്തീരും എന്നു പറയുന്നതു പോലെ, തണുപ്പുരുകി ചൂടാകുമെന്ന് പറയുന്നത് പോലെ തോന്നി. "നിന്നോട് കൂടെ മരിക്കേണ്ടി വന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല" (വാക്യം 35). അത് നമ്മെ 1 കൊരിന്ത്യർ 10:12 ഓർമ്മിപ്പിക്കുന്നു: "നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കാൻ നോക്കിക്കൊള്ളട്ടെ."

## യാഥാർത്ഥ്യവും ഫലങ്ങളും

മുന്നറിയിപ്പ് നൽകിയ ശേഷം യേശുവും ശിഷ്യന്മാരും മാളികമുറിയുടെ പവിത്രത വിട്ടു പുറത്ത് വാസ്തവത്തിലുള്ള ലോകത്തിലേക്ക് കടന്നു - ഗദ്ശമന തോട്ടത്തിലെത്തി. യേശു പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ട് തോട്ടത്തിന്റെ ഹൃദയഭാഗത്തേക്ക് പോയി. അവൻ അവരോട് ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ എന്നു പറഞ്ഞു (വാക്യം 41). പക്ഷേ അവർ ഉറങ്ങിപ്പോയി. പത്രോസ് ശ്രദ്ധിക്കേണ്ടതായിരുന്ന സമയത്ത് സംസാരിക്കുകയായിരുന്നു. പത്രോസ് ഇപ്പോൾ പ്രാർത്ഥിക്കേണ്ട സമയത്ത് ഉറങ്ങിപ്പോയി. അവൻ തരം താഴ്ത്തപ്പെട്ടതിൽ അതിശയിക്കാനില്ല!പുരുഷാരം വന്ന് യൂദാ ചുംബനം കൊണ്ട് യേശുവിനെ ഒറ്റിക്കൊടുത്തു. പത്രോസ് തയ്യാറായിരുന്നു. അവന്റെ വാൾ പുറത്തു വന്നു. മഹാപുരോഹിതന്റെ ദാസന്റെ കാത് അറുത്തു കളഞ്ഞു (വാക്യം 51 ; യോഹന്നാൻ 18:10). "യേശു അവനെ നോക്കി വാൾ ഉറയിലിടുക. വാൾ എടുക്കുന്നവനൊക്കെയും വാളാൽ നശിച്ചുപോകും എന്നു പറഞ്ഞു" (വാക്യം 52). പത്രോസിന്റെ എതിർപ്പ് ഊഹിക്കുക ; കർത്താവേ നിൽക്കണേ, "ഞാൻ നിനക്കു വേണ്ടി മരിക്കാൻ പോലും തയ്യാറെന്നു പറഞ്ഞില്ലേ? ഇതാ ഞാൻ റെഡിയാണ് ; എന്റെ പുറകിൽ നിന്നാൽ മതി, ഞാൻ നിന്നെ രക്ഷിക്കാം." അവർ എന്നെ എന്തെങ്കിലും ചെയ്തിട്ടല്ലാതെ നിന്നെ അവർക്ക് പിടിക്കാൻ സാദ്ധ്യമല്ല. എന്നാലും യേശു പറഞ്ഞു പത്രോസേ നിന്റെ വാൾ മാറ്റുക. അങ്ങനെ പത്രോസ് യാഥാർത്ഥ്യത്തിലേക്ക് തിരിച്ചു വന്നു. അവന് മാനുഷിക പദ്ധതിയായിരുന്നു. പക്ഷേ യജമാനന്റെ പദ്ധതി ആയിരുന്നില്ല. നമുക്ക് പലപ്പോഴും മാനുഷിക പദ്ധതികളുണ്ട്, അല്ലേ? നമുക്ക് സുരക്ഷിതത്വത്തിന്റെ ഉറവിടമുണ്ട്. നമ്മുടെ സുരക്ഷാമേഖലകൾ - അത് നമ്മുടെ വീടുകളും സാമ്പ

ത്തികങ്ങളുമാകാം. ജോലിയാകാം, ആരോഗ്യവും ശക്തിയുമാകാം, വിവാഹമാകാം, പങ്കാളിയാകാം, കുട്ടികൾ ആകാം. അവയെല്ലാം പെട്ടെന്ന് എടുത്തു കളഞ്ഞേക്കാം. അപ്പോൾ നമു ക്കു വേദന തോന്നും. കർത്താവേ നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത് എന്ന് പറഞ്ഞ് വിലപിക്കും. ഒരു പക്ഷേ, നാം അവനിൽ ആശ്രയിക്കേണ്ടതിന് അവൻ നമ്മെ ഒരു പാഠം പഠിപ്പിക്കുകയുമാകാം. പത്രോസ് തന്റെ സ്വാർത്ഥത മുറിവേൽക്കപ്പെട്ടു. യേശു പത്രോസിനെ പരസ്യമായി ശാസിച്ചു. പത്രോസിലേക്ക് യാഥാർത്ഥ്യം വരാൻ തുടങ്ങി. പുരുഷാരം വന്ന് യേശുവിനെ പിടിച്ചു കൊണ്ടു പോയി. ‘‘യേശു മുന്നറിയിച്ചതു പോലെ ശിഷ്യന്മാരെല്ലാം അവനെ വിട്ടു ഓടിപ്പോയി’’ (വാക്യം 56).

യേശുവിനെ പിടിച്ചവരോ മഹാപുരോഹിതനായ കയ്യഫാവിന്റെ അടുക്കൽ ശാസ്ത്രിമാരും മൂപ്പന്മാരും ഒന്നിച്ച് കൂടിയിരിക്കുന്നിടത്തേക്ക് അവനെ കൊണ്ടു പോയി. എന്നാൽ പത്രോസ് ദൂരവേ മഹാപുരോഹിതന്റെ അരമനയോളം പിൻ ചെന്ന് അകത്തു കടന്ന് അവസാനം കാണ്മാൻ ചേവകന്മാരോട് കൂടിയിരുന്നു (വാക്യം 57,58). പുരുഷാരത്തെ പിൻചെന്ന് മഹാപുരോഹിതന്റെ വീട്ടിലേക്ക് യോഹന്നാനും പോയിരുന്നു എന്ന് മറ്റൊരു വിവരണത്തിൽ പറയുന്നു (യോഹന്നാൻ 18:15). യേശുവും ശിഷ്യന്മാരും തോട്ടത്തിനു പുറത്ത് കെദ്രോൻ കടന്ന് നഗരത്തിലേക്ക് പോയപ്പോൾ ജനക്കൂട്ടവും മടങ്ങിപ്പോയിരിക്കാം. അവർ മഹാപുരോഹിതന്റെ അടുക്കൽ എത്തുന്നതിനായി കാത്തിരുന്നേക്കാം. യോഹന്നാന് പരിചയമുണ്ടായിരുന്ന മഹാപുരോഹിതനായിരുന്നു (ഒരു പക്ഷേ യോഹന്നാന് ഈ മഹാപുരോഹിതനുമായി വ്യാപാരം ഉണ്ടായിരുന്നിരിക്കാം.) അതുകൊണ്ട് യോഹന്നാനെ അകത്തേയ്ക്ക് കടക്കുവാൻ അനുവദിച്ചു. പിന്നെ അവൻ പത്രോസിനെയും അകത്തു കയറുവാൻ അനുവാദം വാങ്ങി.

പത്രോസ് അവിടെ കെട്ടിടങ്ങളുടെ നടുവിലുള്ള മുറ്റത്തെത്തി. മറ്റു വിവരങ്ങൾ പറയുന്നതു അവിടെ ആളുകൾ തീ കാഞ്ഞു കൊണ്ടിരുന്നു എന്നാണ് - തണുപ്പകറ്റാനെന്ന് നിസ്സംശയം പറയാം. പത്രോസ് അവിടെയുള്ളവൻ എന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ച് തീ കായുന്നവരുടെ കൂടെയിരുന്നു അവസാനം കാണ്മാൻ ദൂരെ മാറിയിരുന്നു (മത്തായി 26:28). തുറന്ന വാതിലുകളിലൂടെയും ജനലുകളിലൂടെയും അവന് ഒരു പക്ഷേ വിചാരണ നടക്കുന്നത് കാണാമായിരുന്നു.

നാം കൂടുതൽ മുമ്പോട്ട് പോകുന്നതിനു മുമ്പ് മുറ്റത്ത് സിംഹങ്ങളുടെ കൂട്ടിൽ മറ്റ് ശിഷ്യന്മാർ ആരും ഉണ്ടായിരുന്നില്ല എന്നു ശ്രദ്ധിക്കുക. യോഹന്നാൻ ഒഴിച്ച് എല്ലാവരും ചിതറി പോയിരുന്നു. അതുകൊണ്ട് പത്രോസിന് കുറച്ച് ധൈര്യവും സമർപ്പണവും ഉണ്ടെന്ന് നമുക്ക് സമ്മതിക്കാം. പെട്ടെന്ന് യാഥാർത്ഥ്യം വന്നു - ചെറിയ തടവിന്റെ വാതിൽ കാവൽക്കാരിയോട് യോഹന്നാൻ പറഞ്ഞാണ് പത്രോസിനെ അകത്തു കടത്തിയത് (യോഹന്നാൻ 16:17). ഇതാ അവൾ വരുന്നു, ചെറിയ പെൺകുട്ടി ചെറിയ പ്രസ്താവനയുമായി വലിയ ശക്തനായ മുക്കുവന്റെ അടുക്കൽ : ‘‘നീയും ഗലീലക്കാരനായ യേശുവിനോടു കൂടെ ആയിരുന്നുവല്ലോ എന്നു പറഞ്ഞു’’ (വാക്യം 69). ഇപ്പോൾ പത്രോസിന് ജനക്കൂട്ടത്തിൽ നിന്ന് ചൂടനുഭവപ്പെട്ടു തുടങ്ങി. ശക്തനായിരുന്നവൻ ഒരു ചെറിയ പെൺകുട്ടിയുടെ മുമ്പിൽ പൊടിയായിത്തീർന്നു. ‘‘അതിന് അവൻ : നീ പറയുന്നത് എനിക്ക് തിരിയുന്നില്ല എന്ന് എല്ലാവരും കേൾക്കേ തള്ളിപ്പറഞ്ഞു’’ (വാക്യം 70). ഒന്നാമത്തെ തള്ളിപ്പറയൽ സംഭവിച്ചു.

പത്രോസ് പിൻവാങ്ങി. അവൻ തീ കായുന്നത് മതിയാക്കി. ഇരുട്ടിലേക്ക് നീങ്ങി പടിപ്പുരയിലേക്ക് പോയി. അപ്പോഴും അവന് ഒഴിഞ്ഞു മാറാൻ സാധിച്ചില്ല. മറ്റൊരു ബാല്യക്കാരിയെ അവൻ അവിടെ കണ്ടു. ‘‘പിന്നെ അവൻ യേശുവിനോട് കൂടെയുണ്ടായിരുന്നു എന്ന് പറഞ്ഞു’’ (വാക്യം 71). എല്ലാ വിവരങ്ങളും കൂട്ടിച്ചേർത്തു നോക്കിയാൽ ആ സമയത്ത് ധാരാളം ആളുകൾ ഉൾപ്പെട്ടിരുന്നതായി കാണാം. ചുരുങ്ങിയത് രണ്ടു പേരെങ്കിലും യോജിച്ച് കൊണ്ടു പറയുന്നു : അതെ അവൻ നസ്രായനായ യേശുവിനോട് കൂടെയായിരുന്നു. പത്രോസ് ഒരു പക്ഷേ ഇപ്പോൾ വിയർക്കുന്നുണ്ടാകും. ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്ന് അവൻ ആണയിട്ടു തള്ളിപ്പറഞ്ഞു (വാക്യം 72). ആ സമയത്ത് അവൻ ചെയ്ത ആണ ഒരു പക്ഷേ ദൈവനിന്ദയായി പറയാവുന്നതല്ല. മറിച്ച് യെഹൂദന്മാർ ഔപചാരികമായി പറയുന്ന ആണയാണ്. താൻ പറയുന്നത് സത്യമാണെന്ന് അവൻ ഉറപ്പിക്കുകയായിരുന്നു ആണയാൽ. ഇത് രണ്ടാമത്തെ തള്ളിപ്പറയൽ. യേശു മുൻകൂട്ടി പറഞ്ഞതു പോലെ പത്രോസ് മൂന്ന് പ്രാവശ്യം കർത്താവിനെ തള്ളിപ്പറഞ്ഞു. കർത്താവ് പറഞ്ഞാൽ പിന്നെ അതിന് നീക്കുപോക്കില്ല. മനുഷ്യർ വിശ്വസിച്ചാലും ഇല്ലെങ്കിലും അതങ്ങനെ തന്നെ സംഭവിക്കും.

✶

*Watch!*

# SATHYANADAM

## TV PROGRAME

### TRUE GOSPEL MESSAGE

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378